**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** **24-02-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ വനാതിർത്തിയിലുള്ള കൃഷി ഭൂമിയുടെ ജോയിന്റ് വെരിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വനാതിർത്തി നിർണ്ണയിക്കുന്നതിന്റെ പേരിൽ കൃഷി ഭൂമിയും താമസ സ്ഥലവും വനം വകുപ്പ് ഉദ്യോഗസ്ഥർ ഒഴിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. നിക്ഷിപ്ത വനഭൂമിയുടെ അംഗീകൃത സർവ്വേ സ്കെച്ച് പ്രകാരം വനാതിർത്തി പുനർനിർണ്ണയം നടത്തുമ്പോൾ വനം കൈയ്യേറ്റം ഉള്ള പ്രദേശങ്ങളിൽ കൈയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ 50 വർഷത്തിലേറെയായി കൈവശംവച്ചു വരുന്നതും പട്ടയമുള്ളതും നികുതി അടയ്ക്കുന്നതുമായ ഭൂമി ജണ്ട കെട്ടി ഒഴിപ്പിക്കുവാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വനാതിർത്തി പുനർനിർണയം നടത്തിവരുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്ത് പ്രദേശങ്ങളിലെ വനാതിർത്തി നിർണയിച്ച് ജണ്ടകൾ നിർമ്മിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ കർഷകരുടെ കൃഷിയിടവും വീടും വനം വകുപ്പിന്റെ തടസ്സങ്ങളില്ലാതെ കർഷകരിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ്വകാര്യ ഭൂമികളും, കൃഷിയിടങ്ങളും, വീടും കർഷകരിൽ തന്നെ നിലനിർത്തുന്നതിന് വനം വകുപ്പിന് തടസ്സം ഒന്നും തന്നെയില്ല. പ്രസ്തുത പ്രദേശങ്ങളിൽ വനഭൂമിയുടെ അംഗീകൃത സർവ്വേ സ്കെച്ച് പ്രകാരം സർവ്വെ നടത്തി വനാതിർത്തികളിലാണ് നിയമാനുസൃത ജണ്ടകൾ നിർമ്മിച്ചു വരുന്നത്. |
| (ഡി) | 1989-ലെ സർക്കാർ ഉത്തരവ് പ്രകാരം കർഷകരുടെ വീടും കൃഷി ഭൂമിയും പരിശോധിച്ച് രേഖകൾ കൈമാറാൻ ചുമതലപ്പെടുത്തിയ പ്രകരമുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ജോയിന്റ് വെരിഫിക്കേഷനിൽ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്തുകളിലെ അർഹതപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 1989-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ജോയിൻറ് വെരിഫിക്കേഷൻ മലപ്പുറം ജില്ലയിൽ നടത്തിയിട്ടുള്ളതാണ്. ജോയിൻറ് വെരിഫിക്കേഷനിൽ ചുങ്കത്തറ, പോത്തുകല്ല്, പഞ്ചായത്തുകളിലെ അർഹതപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ജോയിൻറ് വെരിഫിക്കേഷനിൽ ഉൾപ്പെടുത്താത്തവരെ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ